**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5598** **13-08-2021 - ൽ മറുപടിയ്ക്ക്**

**കായലുകളുടെ പുനരുദ്ധാരണത്തിനുള്ള പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.പി. ചിത്തരഞ്ജൻ | | Shri Roshy Augustine<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ കായലുകളുടെ പുനരുദ്ധാരണത്തിനായി നടപ്പിലാക്കുന്ന പദ്ധതികളെക്കുറിച്ച് വിശദമാക്കാമോ; | (എ) | സംസ്ഥാനത്തെ കായലുകളുടെ സംരക്ഷണ-പുന:രുദ്ധാരണ പ്രവർത്തനങ്ങൾ സംയോജിപ്പിച്ച് നിർവ്വഹിക്കുക എന്ന ലക്ഷ്യത്തോടുകൂടി, ബഹു:മുഖ്യമന്ത്രി അദ്ധ്യക്ഷനായി "സംസ്ഥാന തണ്ണീർത്തട അതോറിറ്റി-കേരള" (State Wetland Authority- Kerala- SWA-K)രൂപീകരിച്ചിട്ടുണ്ട്. സംസ്ഥാന പരിസ്ഥിതി- കാലാവസ്ഥാവ്യതിയാന വകുപ്പാണ് ഇതിന്റെ നോഡൽ ഏജൻസിയായി പ്രവർത്തിക്കുന്നത്. റാംസർ തടാകങ്ങളായി അംഗീകരിക്കപ്പെട്ട, വേമ്പനാട് കായൽ, അഷ്ടമുടിക്കായൽ, ശാസ്താം കോട്ട കായൽ എന്നിവയ്ക്കായി സംയോജിത മാസ്റ്റർ പ്ലാനുകൾ തയ്യാറാക്കിയിട്ടുണ്ട്. എന്നാൽ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും, ടൂറിസം വകുപ്പിന്റെയും അപേക്ഷകൾ പരിഗണിച്ച് ചെറു തടാകങ്ങളുടെ സംരക്ഷണ പ്രവൃത്തികൾ സാമ്പത്തിക ലഭ്യതയനുസരിച്ച് ജലസേചനവകുപ്പ് മുഖേന നിർവ്വഹിച്ചു വരുന്നുണ്ട്. |
| (ബി) | കായലുകളിലും അനുബന്ധ തോടുകളിലും അടിയുന്ന പോളയും പായലും സമയബന്ധിതമായി നീക്കം ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് അറിയിക്കുമോ? | (ബി) | കായലുകൾ മറ്റു ജലസ്രോതസ്സുകൾ എന്നിവിടങ്ങളിലെ ജലത്തിലെ മാലിന്യത്തിന്റെ പ്രത്യേകിച്ച് , കാർഷികാവശ്യത്തിനായി വിനിയോഗിക്കുന്ന രാസവളത്തിന്റെ അവശിഷ്ടം വർദ്ധിക്കുന്നതിനനുസരിച്ച് കുളവാഴ /പോള, പായലുകൾ എന്നിവയുടെ വ്യാപനം വർദ്ധിക്കുന്നതായി കാണുന്നു. പായലും പോളയും നീക്കം ചെയ്യുന്നതിനുള്ള പ്രത്യേക പദ്ധതികൾ നിലവിലില്ല. എന്നാൽ തോടുകൾ /കുളങ്ങൾ എന്നിവ ശുചിയാക്കുന്നതിന്റെ ഭാഗമായി പോള,/പായൽ എന്നിവ നീക്കം ചെയ്യാറുണ്ട്. ഇതുകൂടാതെ, ജലസേചനവകുപ്പിലെ മെക്കാനിക്കൽ വിഭാഗത്തിന്റെ കീഴിലുള്ള "വീഡ് ഹാർവെസ്റ്റർ"" യന്ത്രം ഉപയോഗിച്ച് കായലുകളിലും അനുബന്ധ |

| | | | |
|---|---|---|---|
| | | | തോട്ടകളിലും അടിയുന്ന പോളയും പായലും നീക്കം ചെയ്യുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ